

# സുരധനസ്സ്



# ആമുഖം

ഒരുപാട് സമ്മർദ്ദങ്ങൾക്കിടയിൽ നാം ഉരുകുമ്പോൾ സന്തോഷിക്കാൻ,ആസ്വദിക്കാൻ,ചിരിക്കാൻ ഒത്തിരി നിമിഷങ്ങൾ നമ്മെ തേടിയെത്തണമെന്നില്ല.പക്ഷേ ചില നിമിഷങ്ങൾ നമ്മെ തേടിയെത്തും.അവ നല്ല ഓർമ്മകളുടെ കൂട്ടത്തിലേക്ക് കടന്നുപോകും.അവ നമ്മുടെ മനസ്സിൻെറ അസ്വസ്ഥതകൾ ഇല്ലാതാകും.അങ്ങനെയുള്ള നിമിഷങ്ങൾ ആസ്വദിക്കാനാവട്ടെ .കൊച്ചുകരങ്ങൾ കൊണ്ട് കോർത്ത ഈ മാല്യം നിങ്ങൾക്കായി സമർപ്പിക്കുന്നു.പിന്നിട്ട ദിനങ്ങൾ സാർത്ഥകമാക്കാൻ സുരധനസ്സിലേക്ക് ഏവർക്കും സ്വാഗതം.

# ലിറ്റിൽ കൈറ്റ്സ് ടീം



ആശംസകളോടെ

മണി. പി. കൃഷ്ണൻ


ഹെഡ്മാസ്റ്റർ

ഹൈസ്കൂൾ രാമമംഗലം





സൂരധനസ്സ്





ദേവിക സന്തോഷ്

# മനക്കോട്ട



**കളിപ്പന്തു തട്ടിക്കളിക്കുന്ന ബാല്യം**
**കളസങ്ങൾ കീറിത്തുളയുന്ന കാലം**
**മണൽക്കോട്ട കെട്ടിപ്പടുക്കുന്ന കാലം**
**മനസാകെ തുള്ളിതുളുംപുന്ന ബാല്യം**
**മടങ്ങട്ടെ ബാല്യത്തിലേക്കൊന്നു**
**വീണ്ടും**
**അതാണെനിക്കേറെ പ്രിയപ്പെട്ട കാലം**
**കരിമ്പാറ പോലും പൊടിക്കുന്ന പ്രായം**
**ഇരുമ്പും ദഹിക്കാൻവിശപ്പുള്ള കാലം**
**വരില്ലെന്നറിഞ്ഞാലുമെന്നുള്ളിലുണ്ടേ**
**തിരിച്ചൊന്നു നീന്താനടങ്ങാത്ത മോഹം**
**സമപ്രായമുള്ളോരോടൊന്നിച്ചു കൂടി**
**കളിച്ചും രസിച്ചുംതിമിർക്കുന്ന നേരം**
**രസം കൊല്ലിയായെത്തുവോരെ പിണക്കാ-**
**തിടയ്ക്കൊന്നു മുങ്ങി തിരിച്ചെത്തുവാനും**
**ഇണങ്ങി പിണങ്ങി കളിച്ചുല്ലസിക്കാ-**
**നെനിക്കുണ്ടടങ്ങാത്ത മോഹങ്ങളിന്നും**
**കഴിഞ്ഞോരാക്കാലം മനസ്സിൽ നിറച്ച്**
**മനക്കോട്ട കെട്ടികളിക്കുന്ന ഞാനും!**



**ഹരീഷ് ആർ നമ്പൂതിരിപ്പാട്**

# മൗനം



ഇതളുകൾ മൗനമായത്
കാറ്റിനോടായിരുന്നു
കൊതിതീരും മുൻപേ
കൊഴിച്ചിട്ട മഴയോടായിരുന്നു
തിരകൾ മൗനമായത്
കടലിനോടായിരുന്നു
തഴുകിതെന്നിമാറിയ തിരകളോ
ടായിരുന്നു...... തീരം മൗനമായത്

ഞാൻ മൗനമായത്.......
എന്നോടായിരുന്നു.....
സ്വപ്നമെന്ന ഭ്രാന്തിന്റെ
കണ്ണിയെ പറത്തിയ
ഭ്രാന്തിയാം എന്നോടുതന്നെയായിരുന്നു...
എന്റെ മൗനം......... എന്നോടുതന്നെയായിരുന്നു
എന്റെ മൗനം....................
എന്നോട് മാത്രമായിരുന്നു....
എന്നോട് മാത്രമായിരുന്നു.....

ഹിബ ബിജു
10 B



# കൊഴിഞ്ഞ ഇല



കാലത്തിൻെറ യവനിക
അറിയാതെ കൊഴിഞ്ഞു വീണ
ഇലയാണ് ഞാൻ.

കാത്തിരിക്കണം  ചില്ലകളെ
നിങ്ങൾ എനിക്കായി
കാത്തിരിക്കണം.

മണ്ണിലൂടെ അലിഞ്ഞ്
വീണ്ടും ഒരിക്കൽ കൂടി
ഞാൻ നിങ്ങളിൽ
പുനർജ്ജനിക്കും വരെ
ഞാൻ പുനർജ്ജനിക്കും
വരെ....



ഹിബ ബിജു

***10 B***

## അമ്മ



പൂർണചന്ദ്രസമാന സുശോഭിതം
നിഷ്കളങ്കനിർമല ഭാവം
അലിവുവറ്റാത്ത ശാന്തപ്രിയേ
കനിയൂ....
അകമലർദ്ദളം പൂവായ് വിരിയുവാൻ
ഇരുളിനുള്ളിലേക്കാണ്ടുപോമെന്നെ നീ
തിങ്കളായ് വന്ന് കാത്തുപാലിക്കുക
താമരകൈയ്യാൽ  തടവിയെൻ മാനസ
ദുഖമോരോന്നായ്  നീക്കിടുവിൻ തദ.

അനഘ മോഹനൻ

# പ്രളയ ശേഷം.......






പ്രകൃതികൊണ്ട് ഏറ്റവും അനുഗ്രഹീതമെന്ന് നമ്മൾ അഹങ്കരിച്ചിരുന്ന നമ്മുടെ നാടിനെ പ്രകൃതി തന്നെ വേട്ടയാടിയ ദിനങ്ങളാണല്ലോകടന്നുപോയത് ഈ ദുരന്തം കഴിഞ്ഞപ്പോൾ

നമ്മുടെ മുമ്പിൽ രണ്ടുവഴികളാണ് ഉള്ളത്.

1. ഈ ദുരന്തത്തിനെ ഓർത്ത് കരഞ്ഞുകൊണ്ടിരിക്കാം.

2.അങ്ങനെയല്ല ഒരു പുനർനിർമിതിയെക്കുറിച്ച് ചിന്തിക്കാം.ഇപ്പോൾ നഷ്ടപ്പെട്ടതിനെ ഓർത്ത് കരയുന്നതിന് പകരം എങ്ങനെയാണ്

നഷ്ടപ്പെട്ടതിനെക്കാൾ മെച്ചപ്പെട്ട ഒരു ലോകം , ഒരു സമൂഹം, ഒരു ഭൂമി ഉണ്ടാക്കാൻ കഴിയുക എന്നതിനെക്കുറിച്ച്

ചിന്തിക്കുക.

<u>**നാം പഠിച്ച പാഠങ്ങൾ**</u>

1.അഹങ്കരിക്കാൻ നമ്മുടെ കൈയ്യിൽ ഒന്നുമില്ല.

2.പങ്കുവയ്ക്കാനുള്ള മനസ്സാണ് ഏറ്റവും വലിയ

സമ്പത്ത്.സ്വന്തം കടയിലെ മുഴുവൻ തുണികളും ദുരിതബാധിതർക്ക് നൽകിയ

നൗഷാദിക്കയും അമ്മ നഷ്ടപ്പെട്ട കുഞ്ഞിനു

മാറിമാറി മുലയൂട്ടിയ ക്യാമ്പിലെ സ്ത്രീകളും

മകുടോദാഹരണങ്ങളാണ്.

3.നന്മയുള്ള മനസ്സാണ് സമ്പാദ്യത്തിലേറ്റവും മികച്ചത്.

4.പ്രകൃതിയോട് കളിരക്കുമ്പോൾ സൂക്ഷിക്കണം.പ്രകൃതിയുടെ ഹൃദയം

മാന്തരുത്, മാന്തിയാൽ തിരിച്ചുകിട്ടും.

5.ആരെയും വില കുറച്ചു കാണരുത്.കടലിന്റെ മക്കൾ എന്നു പറഞ്ഞുകൊണ്ട് പാർശ്വവൽക്കരിച്ച നാടിന്റെ മക്കളായ നമ്മുടെ സ്വന്തം ചങ്കുകളായ മത്സ്യത്തൊഴിലാളികൾ. അവരെ സമൂഹം മാറ്റിനിർത്തി, പുച്ഛിച്ചു. നമ്മുടെ ഏറ്റവും വിലപ്പെട്ട ജീവൻ രക്ഷിക്കാനായിട്ട് സ്വന്തം ജീവൻ പോലും പണയം വച്ച് വലിയ മണിമാളികകളിൽ പട്ടിണി കിടന്നു പിടയുന്ന ആളുകളെ തിരഞ്ഞ് അങ്ങോട്ട് വന്ന് രക്ഷിച്ചത് മത്സ്യത്തൊഴിലാളികളാണ്.

## സുരധനസ്സ്

ഏറ്റവും പ്രധാനം നന്മയാണ് . നന്മചെയ്തുകൊണ്ടേയിരിക്കുക. നന്മയാണ് ഈ ലോകത്തെ മുന്നോട്ട് നയിക്കുന്നത്.

നന്മമാത്രമാണ് മുന്നോട്ട് കൊണ്ടുപോകേണ്ടത്. നന്മമാത്രമാണ് ഏറ്റവും വലിയ സമ്പത്ത്. നന്മയുള്ള മനസ്സ് , നന്മയിലൂടെ ജീവിച്ച്, നന്മ സമ്പാദിച്ച് നന്മകൊണ്ട് സമ്പന്നമാകട്ടെ ജീവിതം.

**Rinu joy**

**10 B**



# ഒഎൻവി

ഓയെൻവിയെന്നുള്ള മൂന്നക്ഷരം
ഓർമ്മിച്ചീടും ഞങ്ങളെന്നുമെന്നും

ജ്ഞാനപീഠത്തിലമർന്നൊരു സാഹിത്യ
ജ്ഞാന കുലപതിമുഖ്യനല്ലോ

സ്വർണ്ണമണലിന്റെ നാട്ടിൽപ്പിറന്നൊരു
സ്വർണ്ണ മയൂഖമേ നീജ്വലിക്കും

വർണ്ണങ്ങൾ വാക്കിലൊളിപ്പിച്ചിടുന്നൊരു
വർണ്ണനാ സാമർത്ഥ്യമുള്ള ദിവ്യൻ

ചിന്തകൾ ചന്ദനം ചാലിച്ചെഴുതിയ
ചന്തം നിറഞ്ഞ കവീശ്വരന്റെ

ഓർമ്മകൾ മേയും തിരുമുറ്റത്തുടെ
ഞാൻ ഓടിക്കളിക്കാൻ കൊതിച്ചിടുന്നു

വാക്കിലൊരു മുനയില്ലാത്തവനൊരു
നാക്കിൽ സരസ്വതി വാഴുന്നവൻ

അമ്മിഞ്ഞപ്പാലിൻ മണമുള്ള കാവ്യങ്ങൾ
ചോര മണക്കാത്ത വാൾമുനകൾ

# സുരധനുസ്സ്

ഉജ്ജയിനിയിലെ കാവ്യസാമ്രാട്ടിനും
ഉപ്പു മണക്കും തൊഴിലാളിക്കും

കുഞ്ഞിനും അമ്മയ്ക്കും കുഞ്ഞേടത്തിയ്ക്കും
ഉണ്ണിയായ് വാണ മഹാനുഭാവൻ
കാവ്യസാഹിത്യനഭസ്സിലെഴുമൊരു
ജ്യോതിസ്വരൂപമാം താരകമായ്

മാനവ മാനസ കോവിലിൽ
നേദിക്കും സ്നേഹപുഷ്പങ്ങളായെന്നുമെന്നും

വാഴുക കാവ്യ ശിരോമണിയാകുമീ
വേലുക്കുറുപ്പെന്ന ദിവ്യനാമം

കൽപ്പണിക്കാരനും, കവി കാളിദാസനും
പണ്ഡിതർ പാമരർക്കൊന്നുപോലെ

ഇഷ്ടനായെന്നും വസിച്ചീടുമോയെൻവി
ഉജ്ജ്വല കാവ്യ പ്രഘോഷകനായ്ത്ത
തോന്ന്യാക്ഷരങ്ങളെഴുതുന്ന ഞങ്ങൾക്ക്
തോന്നണേ വാക്കുകൾ മാല പോലെ

സാഹിത്യ മാനസപ്പൊയ്കയിൽ നീന്തും
കാവ്യ മരാളമായ് വാണരുളൂ

അക്ഷരം ചൊല്ലികൊടുത്തായിരങ്ങൾക്കു
വിദ്യാപ്രകാശമായ് മാറിയോനേ
വാഴുക വിണ്ണിലൊരു പൂർണ്ണ ചന്ദ്രനായ്
വാഴുക, കാവ്യ കുലോത്തുംഗനായ്



ഹരീഷ് ആർ നമ്പൂതിരിപ്പാട്

# The Mother Nature



Nature, it is a gift of God to us
Nature gives us happy
so cool, calm and full of life
Make us forget all our difficulties

Forests, birds, animals, cool breeze etc...

MITHUNA K VIJAYAN(9A)

make the nature more beautiful
The flowers dancing in the cool wind
birds soar high in the sky
butterfly fluttering its wings
And sucking nectar from flowers

The song of cuckoos echoed around the nature
butterflies and bees dancing in cool breeze
sunrise, sunset, moon and stars give us positive energy
All these scenery gives us happy
Nature is beautiful, love and care it
Nature water's and feeds us
We can't live without it
Nature is beautiful in every ways
Nature really is gift of God.........
So listen, learn and work hard to keep our nature.........
To beautiful forever.........

# മലയാളം



മലയാളമെൻ ഭാഷ
മലയാളമെൻ ദേശം
മലയാളമാണെന്റെ ജീവതാളം

മധുരിക്കും മലയാളം
മര്യാദ മലയാളം
മലയാളമാണെന്റെ ശ്വാസനാളം.

അമ്മയെ സ്നേഹിക്കാൻ
അച്ഛനെ കാത്തീടാൻ
പഠിപ്പിച്ച ഭാഷയാണെന്റെ ഭാഷ.

നേരിനെ ചൊല്ലുവാൻ
നേർവഴി പോകുവാൻ
നേരെ പഠിപ്പിച്ചതെന്റെ ഭാഷ.
ശ്രേഷ്ഠഭാഷ മലയാളം
പരിഭാവന മലയാളം
മലയാളമാണെന്റെ ഭാഷ.

***ARJUN S(8C)***

# MAHATMA GANDHI




***Mohandas Karamchand Gandhi was an Indian lawyer, anti colonial nationalist and political ethics, who employed nonviolent resistance to led the successful campaign for India's independence from British rule and in turn inspire movement for civil right and freedom across the world .The honorific Mahatma first applied  to him in 1914 in South Africa is now used throughout the world. He born and raised in Hindu family in coastal Gujarat, western India Gandhi was trained in law at the Inner Temple ,London and called to the bar at the age 22 in June 1891.After two uncertain years in India, where he was unable to start a successful law practice,he moved to South Africa in 1893 to represent an Indian merchant in a lawsuit. He went on to stay for 21 year. It was in South Africa that Gandhi raised a family, and first employed nonviolent resistance in a campaign for civil right. In 1915,aged 45,he returned to India. He set about organizing peasants, farmers, and urban Laborers to protect against excessive land-tax and discrimination. Assuming leadership of the India National Congress in 1921,Gandhi led nationwide campaigns for easing poverty, expanding women's***

*rights, building religious and ethnic amity, ending untouchability, and above all for achieving Swaraj or self rule*

*The same year Gandhi adopted the Indian loincloth, or short dhoti and in the winter, a shawl, both woven with yarn hand-spun on a traditional Indian spinning wheel or charkha, as a mark of identification with India's rural poor. Thereafter, he Lived modestly in a self-sufficient residential community, ate simple vegetarian food and undertook long fasts as a mean of self-purification and political protest. Brinning anti-colonial nationalism to the common Indians, Gandhi led them in challenging the British-imposed salt tax with the 400km (250mI) Dandi Salt March in 1930 and later in calling for the British to Quit India in 1942.He was imprisoned for many years, upon many occasions, in both South Africa and India.*

*Gandhi's birthday, 2 October is commemorated in India as Gandhi Jayanti, a national holiday and worldwide as the International Day Of Nonviolence. Gandhi is commonly, though not formally considered the Father Of The Nation in India and was commonly called Bapu*



***BY***
***ALBIN ROY***
***9 B***

# DREAMS

**FLY WITH DREAMS**
**WHAT A VISUAL IMAGE IT IS!**
**FROM ANT TO WHALE**
**DREAM IS BLINKING.**

**POOR,RICH,MIDDLE,**
**ALL HAVE A DREAM**
**IT IS THE WAY TO GET RELAX**
**IT IS A TOUCHING!!!**



**DEVIKA SANTHOSH**
**9 C**

# ഉമ്മയുടെ തേങ്ങൽ

ഒരുമ്മയെ കണ്ടു ഞാൻ
ഒരു വൃദ്ധസദനത്തിൽ നിന്ന്
ആ ഉമ്മയോടു ചോദിച്ചു ഞാൻ
തൻ മക്കളെല്ലാവരും എവിടെ
കൈമലർത്തികൊണ്ട് പറഞ്ഞു
എനിക്കാരുമില്ല മോനെ

തൻ മക്കളെല്ലാവരും അവിടെ
കോടീശ്വരന്മാരാണേ
ഇനി എന്തിനാണവർക്കെന്നേ
ഒരു പുരാവസ്തു ഞാനല്ലേ
താഴെ വെക്കില്ല തലയിൽ വെക്കില്ല
അന്നു പോറ്റതാണവരെ
തെറ്റിലേക്കല്ല നന്മകൊണ്ടൊരു
മാല ചാർത്തി ഞാനവരെ



തൻസീന(*10 B* )

# ***THOUGHTS***

***SUCCESS IS MOST OFTEN ACHIEVED BY THOSE WHO DON'T KNOWN THAT FUTURE IS INEVITABLE***

***-COCO CHANEL***

**DON'T JUDGE EACH DAY BY THE HARVEST YOU REAP BUT BY THE SEED THAT YOU PLANT**

***-ROBERT LOUIS***

**LIFE IS BEING ON THE WIRE**
**EVERYTHING ELSE IS JUST WAITING**

**-KARL WALLINDA**

**IT IS NEVER TO LATE TO BE WHAT**
**YOU MIGHT HAVE BEEN**

**-GEORGE ELIOT**

**DO ONE THING EVERYDAY THAT SCARES YOU**

**- ELEANOR ROOSEVELT**

**YOUR TIME LIMITED , SO DON'T**
**WASTE IT LIVING SOMEONE ELSE LIFE**

**-STEVE JOBS**

***BY***

*ASHISH BABY*

# മുയലിന്റെ ബുദ്ധി



അനന്തു സോമൻ
9 C

ഒരു ദിവസം ഒരു കാട്ടിൽ ഒരു മുയൽ ജീവിച്ചിരുന്നു. അവൻ വളരെ ബുദ്ധിമാൻ ആയിരുന്നു പക്ഷേ അവിടെ വളരെ ക്രൂരനായ സിംഹം ഉണ്ടായിരുന്നു. അവൻ അവിടത്തെ രാജാവായിരുന്നു. ഓരോ ദിവസവും അവൻ ആ കാട്ടിലെ ഓരോ മൃഗത്തെയും അവന്റെ വിശപ്പടക്കാൻ വേണ്ടി അവന്റെ ഗുഹയിലേക്കു വരാൻ ആജ്ഞയിട്ടു. ഓരോ ദിവസവും ഓരോ മൃഗവും സിംഹത്തിന്റെ വിശപ്പിന് ഇരയായി. ഒടുവിൽ മുയലിന്റ അവസരമായി മുയൽ വിഷമത്തോടെ സിംഹത്തിന്റെ ഗുഹയിലേക്ക് പോകുമ്പോൾ ഒരു കുളം കണ്ടു അതിൽ നോക്കിയപ്പോൾ തന്റെ വേറൊരു മുഖം. അപ്പോൾ മുയലിന് ഒരു ബുദ്ധി തോന്നി മുയൽ സിംഹത്തോടു പോയി പറഞ്ഞു അല്ലയോ സിംഹരാജാവേ നിന്നെ പോലെ മറ്റൊരു സിംഹത്തെ ഞാൻ കുളത്തിൽ കണ്ടു എന്ന്. സിംഹം വന്ന് നോക്കിയപ്പോൾ കുളത്തിൽ മറ്റൊരു സിംഹം. ആ സിംഹത്തെ പിടിക്കാൻ വേണ്ടി ആദ്യത്തെ സിംഹം കുളത്തിലേക്ക് ചാടുകയും നീന്തൽ അറിയാത്ത ആ സിംഹം മുങ്ങി മരിച്ചു. അങ്ങനെ മുയൽ രക്ഷപ്പെട്ടു.

# സൗഹൃദം

കാലത്തിൻ കവിൾത്തടത്തിലെ
കണ്ണുനീർത്തുള്ളിയാണ് താജ്മഹൽ
എൻ കവിൾത്തടത്തിൻ അശ്രു തുടച്ച്
കളഞ്ഞവരാണ്  എൻ ചങ്ങാതിമാർ.
അകലും  നേരം ഒഴുകിപ്പോകുന്ന കണ്ണു-
നീർത്തുള്ളിയുടെ വില അറിയുന്നത്
ഹൃദയത്തിൻ സൗഹൃദം നഷ്ടപ്പെടുമ്പോൾ മാത്രം.......
ചിരിയുടെ പിന്നിലെ ദുഃഖവും,
മിഴിയുടെ പിന്നിലെ അശ്രുവും,
ദേഷ്യത്തിനു  പിന്നിലെ സ്നേഹവും,
അറിയുന്നതാണ് സൗഹൃദം.........
അറിയുന്നതാണ്



കാവ്യ സന്തോഷ്
10 B

# അമ്പിളി

പൂമാരക്കൊമ്പിലെ രാപ്പാടിപാടി
മേഘം മറക്കുന്ന ചന്ദ്രനെക്കാണാൻ
പൂവേ എന്തൊരു ചന്തം
രാവിൻ പുസ്തകത്താളിന്റെ മധ്യത്തിൽ
പുഞ്ചിരി തൂകുന്ന ചന്ദ്രൻ
നേരം വെളുക്കുമ്പോൾ രാവിന്റെ
താളിൽ നിന്നെങ്ങോ നീ ...മാഞ്ഞു
നക്ഷത്രക്കുഞ്ഞുങ്ങൾക്കോതിക്കൊടുക്കും
കഥയൊന്ന് ചൊല്ലിത്തരാമോ
പൂമരത്തിന്റെ ചില്ലക്കടിയിലൂടമ്പിളി
മെല്ലെച്ചിരിച്ചു.
നിലാവിൽ ഭൂമിയിലേക്കെത്തിനോക്കുന്ന
മിന്നിത്തിളങ്ങുന്ന താരം
നേരം വെളുക്കുന്നു, നേരത്തിവരെല്ലാം
എങ്ങോമാഞ്ഞങ്ങുപോയി...

അഷ്മിത ശിവദാസ്
9 A



# മഴവില്ല്



ഏഴ വർണ്ണങ്ങൾ കൂടിച്ചേർന്നൊരു
പുഷ്പമാലികയല്ലോ നീ
മഴയെ വരവേൽക്കാൻ വരുന്ന നിന്നെ
സ്വാഗതമേകാൻ നീലാകാശം
'റാ' പോലെ നിവർന്നു നിൽക്കുന്ന നിന്റെ-
പക്കൽ എത്താൻ കൊതിക്കുന്നു നാം
നിയെത്തുന്ന കാര്യം സ്വപ്നം കണ്ട്
കൊച്ചുകുഞ്ഞുങ്ങൾ മയക്കത്തിലാഴുന്നു
വയലറ്റ്, ഇന്റിഗോ, നീല, പച്ച,
മഞ്ഞ, ഓറഞ്ച്, ചുവപ്പ് എന്ന
നിറങ്ങൾ കൊണ്ട് ശോഭിതമായ നിന്നെ
കാണാൻ ലോകർ കൊതിക്കുന്നു

അമൃത ടി മൻമതൻ
*8 B*

# അമ്മ

അമ്മയെന്ന രണ്ടക്ഷരം
ഉരുവിടുമ്പോൾ എൻ മനസ്സിൽ
നിറയുന്നു, നീറുമാ മനസ്സിൽ
വേദന, ഉരുകുമെൻ ഉള്ളം



മാതൃഹൃദയത്തിന്റെ മൗനങ്ങൾ
ഉള്ളിലൊതുക്കി
തൻ കുഞ്ഞിന്റെ ഭാവിക്കായ്
പൊരുതുന്നൊരമ്മ

കുന്നോളം സ്വപ്നങ്ങൾ നിറച്ചും
വാനോളം ഉയരാൻ പഠിപ്പിച്ചും
കണ്ണടക്കാതെ എൻ നിഴലായ്
കൂടെ നടന്നൊരമ്മ
അമ്മയാണെൻ ജിവിതം
അമ്മയാണെൻ സ്വപ്നം



ഡെന്ന കുര്യാച്ചൻ(9C)

# അമ്മ ഭൂമി

അമ്മേ ഭൂമി നീ എത്ര ദുഃഖമനുഭവിക്കുന്നു
മനോഹരിയായ മായ കാണിച്ച നീ
ഇപ്പോൾ മനുഷ്യന്മാരാൽ ദുഃഖമനുഭവിക്കുന്നു.

രാക്ഷസയന്ത്രങ്ങളും മറ്റും അമ്മേ നിന്റെ
മുഖമേ മാറ്റിയിരിക്കുന്നു മനുഷ്യാ
അരുതേ ഈ ക്രൂരത നീ ഇതൊന്ന്
അവസാനിപ്പിക്കു.

അമ്മേ നിന്റെ കൈയാകുന്ന മരങ്ങളെ
ഇപ്പോൾ കാണുവാനില്ല
അവർ എവിടെ......എവിടെ......
അമ്മേ.........

ശ്രീശാന്ത്.എ.സ്
8 C



# അച്ഛൻ

ശാസനയിലൂടെ ജീവിതപാഠങ്ങൾ പകർന്ന
പകലന്തിയോളം പണിയെടുത്ത
സ്നേഹത്തിന്റെ പാലൊഴിയെ ഉള്ളിലൊതുക്കി
പറക്കാൻ കൊതിച്ച എന്നിലേക്ക്
ഞാനറിയാതെ ചിറകുകൾ ചേർത്തു വച്ച
ഒറ്റയാൾ പോരാളിയാണെന്റെ അച്ഛൻ

അച്ഛൻ നനഞ്ഞ മഴയാണ് എന്റെ കുളിര്
അച്ഛൻ കൊണ്ട വെയിലാണ് എന്റെ തണൽ
അച്ഛന്റെ വിയർപ്പാണ് എന്റെ ആരോഗ്യം

അസാധ്യമെന്ന വാക്കിനെ അരിഞ്ഞുതള്ളിയ
അമാനുഷികതയാണെന്റെ അച്ഛൻ
കാലമേ നീ തോറ്റു പോകും
തോൽക്കുവാനാകാത്ത ആ മനസ്സിന്റെ മുമ്പിൽ



***Diya Betcy***
***10B***

# പാചകക്കുറിപ്പ്

## മാം തളിർ  കിച്ചടി

## ചേരുവകൾ

മാവിന്റെ തളിരില  -  ആവിശ്യത്തിന്

തേങ്ങ  -  1\2

മോര് -  1\2 ലിറ്റർ

വറ്റൽമുളക് -  3

കറിവേപ്പില -  ആവിശ്യത്തിന്

ചുവന്നുള്ളി - 2

ഉപ്പ്-ആവശ്യത്തിന്

# തയ്യാറാക്കുന്ന വിധം

അരിഞ്ഞ തളിരില എണ്ണയിൽ വഴറ്റുക. അതിനുശേഷം തേങ്ങയും കടുകും അരയ്ക്കുക. അതിനുശേഷം വഴറ്റിയ മാവിലയിലേക്ക് അരച്ച തേങ്ങയും കടുകും ചേർക്കുക. പിന്നീട് മോര് ഒഴിക്കുക. പിന്നീട് അത് ഇളക്കി വാങ്ങുക . അതിനുശേഷം ചുവന്നുള്ളി , വറ്റൽമുളക് എന്നിവയെല്ലാം വറുത്തിടുക. സ്വാദിഷ്ടമായ മാം തളിർ കിച്ചടി റെഡി.

NANDHANA THANKACHAN
*9 C*

# പാചകക്കുറിപ്പ്

# പഴപ്രഥമൻ

## ചേരുകൾ

ഏത്തപ്പഴം - 1 കിലോ

തേങ്ങ ചിരകിയത് - ( 3 തേങ്ങയുടെ പാൽ)

ഏലയ്ക്ക - ആവശ്യത്തിന്

ജീരകം - ആവിശ്യത്തിന്

നെയ്യ്

കിസ്മിസ്

## തയ്യാറാക്കുന്ന വിധം

ആദ്യമായി  പുഴുങ്ങിയ ഏത്തപ്പഴം അരിക

ഉഞ്ഞ് ഉടയ്ക്കുക . നന്നായി ഉടച്ചതിന് ശേഷം

നെയ്യിൽ  വഴറ്റുക. അതിനുശേഷം

ശർക്കരപ്പാനി ഒഴിച്ച് കുറുക്കിയെടുക്കുക.

അതിനുശേഷം  തേങ്ങപ്പാൽ ഒഴിച്ച്  ഇളക്കുക.

ശേഷം ഏലയ്ക്കയും  ജീരകവും ഇട്ട്  ഇളക്കി

വാങ്ങുക. പിന്നീട്  കിസ്മിസ് നെയ്യിൽ

വറുത്തിടുക. സ്വാദിഷ്ടമായ  പഴപ്രതമൻ

റെഡി.

Aswathy Sukumaran

9 B



# MY SAVIOUR

Every move I make I make in you
You make me move Jesus
Every step I take I take in you
Every breath I take I take in you
You are my way Jesus
Every love I give I give in you
Waves of mercy
Waves of grace
Everywhere I look
I see your face
Oh! your love has captured me
Oh ! My God this love
How can it be......



TANSEENA SHIREEN T. N
10 B

# പാചകക്കുറിപ്പ്

## സേമിയ പായസം

### ചേരുവക

സേമിയ-1 പാക്കറ്റ്

പഞ്ചസാര- അര കപ്പ്

പാൽ-1 അര ലിറ്റർ

വെള്ളം-അര കപ്പ്

കശുവണ്ടി,കിസ്മിസ്സ്-ആവശ്യത്തിന്

### ഉണ്ടാക്കുന്ന വിധം

പാലും വെള്ളവും ഒരുമിച്ച് സോസ്സ്പാനിൽ സ്റ്റൗവിൽ വെക്കുക . തീകുറച്ചിട്ട് ഇളക്കുക . ഇതിന്റെ കൂടെ സേമിയയും പഞ്ചസാര ചേർത്ത് ഇളക്കുക . കശുവണ്ടിയും കിസ്മിസ്സും വേറെ പാത്രത്തിൽ വഴറ്റിയെടുക്കുക . കശുവണ്ടിയും കിസ്മിസ്സും വഴറ്റിയത് സേമിയയിലേക്ക് കൂട്ടിച്ചേർക്കുക.

സേമിയ പായസം റെഡി!!!!..........!

ARDHARA SANTHOSH
9C



# എൻെറ ഭൂമി എൻെറ ഭാരതം



എത്ര മനോഹരമെൻെറ ഭൂമി
കരയും കടലും ചേർന്ന ഭൂമി
പച്ചപ്പു നിറഞ്ഞ എൻെറ ഭൂമി
ഏഴ് ഭൂഖണ്ഡങ്ങളുള്ള ഭൂമി
എഷ്യയാണ് ഏറ്റവും വലുത്
അതിലൊരു കൊച്ചു രാജ്യമാ-
ണെൻെറ ഭാരതം .
ഇവിടെ നമ്മൾ ഹൈന്ദവരും
മുസ്ലീങ്ങളും ക്രൈസ്തവരും
ഒരുമ തൻെറ പൂക്കളെ പോലെ
ഒരുപോലെ വിടർന്നിരിക്കുന്നു
ഗാന്ധിയും നെഹ്റുവും
പിറന്ന എൻെറ ഭാരതം
എൻെറ ഭാരതം എൻെറ ഭാരതം
സ്വാന്ത്ര്യത്തിൻ നറുമധുരം
പകർന്ന എൻെറ ഭാരതം
സ്വാതന്ത്ര്യത്തിൻ പുലരി ഉണർത്തിയ
ത്രിവർണ്ണ പതാക നമ്മുടെ
ത്രിവർണ്ണ പതാക.



ബിൻസ എൽദോസ്

## കുസൃതിചോദ്യങ്ങളും കടംകഥകളും

1. രണ്ടക്ഷരം പോയാൽ ഒന്നാകുന്ന ഒരു English വാക്ക് ഏത് ?

Ans; Stone , alone, phone .

2. ഏറ്റവും Strong day ഏതാണ് ?

Ans; സൺഡേ

3.ആമയെ മറിച്ചിട്ടാൽ ?

Ans; മറിയാമ്മ

4.തറയ്ക്കാൻ പറ്റാത്ത ആണി ഏത് ?

Ans; ബിരിയാണി

5.കഴുത്തിൽ അണിയാൻ പറ്റാത്ത മാല ഏത് ?

Ans; തിരമാല

6. പാലുത്തരുന്ന ആന ?

Ans; മിൽക്കാന

7.പണക്കാരൻ എന്നറിയിച്ചു നടക്കുന്ന പക്ഷി ഏത് ?

Ans; ostrich

8. പേന കൂടെ കൊണ്ട് നടക്കുന്ന പക്ഷി ?

Ans; penguin



9. പുറകിൽ  തലയുള്ള ജീവി ?

Ans;  മുതല

10.ആരും ഇഷ്ടപെടാത്ത പണം ?

Ans; ആരോപണം

Aleena joy 9 C

# ഇവർ നമ്മുടെ അഭിമാനതാരങ്ങൾ

## യു. എസ്. എസ്. ജേതാക്കൾ



ഗണേഷ് . ഡി. മണി



ഗൗരിപ്രിയ എം. ജെ



ആര്യനന്ദ അജിത്ത്

# N M M S വിജയികൾ





ARYA SALI

MEENU RAJ

സംസ്ഥതോത്സവം ജില്ലാതല ഉപന്യാസ മത്സരം ഒന്നാം സ്ഥാനം നേടിയ അഞ്ജന സന്തോഷ്



*ALL KERALA RELIANCE TOURNAMENT SEMI FINAL ൽ*




മികച്ച പ്രകടനം കാഴ്ചവച്ച ടീം



# സ്കൗട്ട് ആന്റ് ഗൈഡ് രാജപുരസ്കാർ ജേതാക്കൾ














# നന്ദിയോടെ ലിറ്റിൽ കൈറ്റ്സ് ടീം